# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3252 11.12.2014 - ൽ മറുപടിക്ക്**

## <u>സംസ്ഥാനത്ത് ഓരോ ജില്ലയിലുമുള്ള ടാറിന്റെ ലഭ്യത</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ :<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. പി. സി. ജോർജ്ജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് റോഡ് നിർമ്മാണത്തിന് ആവശ്യമായ ടാർ ലഭ്യമാക്കുന്നത് ഏത് ഏജൻസിയാണ് ; | (എ) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി. പി. സി. എൽ), മാംഗളൂർ റിഫൈനറി ആന്റ് പെട്രോകെമിക്കൽസ് ലിമിറ്റഡ് (എം. ആർ. പി. എൽ), ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ. ഒ. സി), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (എച്ച്. പി. സി. എൽ) എന്നീ കമ്പനികളാണ് പൊതുമരാമത്ത് വകുപ്പിന് ടാർ നൽകുന്നത്. |
| (ബി) സംസ്ഥാനത്ത് ടാർ ദൗർലഭ്യം ഉണ്ടായിട്ടുണ്ടോ ; ഇത് റോഡിന്റെ അറ്റകുറ്റപണികളെയും നിർമ്മാണ പ്രവർത്തികളെയും ദോഷകരമായി ബാധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) നിലവിൽ ടാർ ദൗർലഭ്യമില്ല. |

(സി) സംസ്ഥാനത്ത് ഓരോ ജില്ലയിലുമുള്ള ടാറിന്റെ വിഹിതം എപ്രകാരമാണ്; വിതരണം എപ്രകാരമാണ്; വിശദമാക്കുമോ?

(സി) ഓരോ ജില്ലയിലും എഗ്രിമെന്റ് വച്ച പ്രവൃത്തികളുടേയും അനുവദിക്കപ്പെട്ട പ്രവൃത്തികളുടെയും ആവശ്യമായ ടാറിന്റെ ഏകദേശ കണക്ക് നോക്കിയാണ് വിഹിതം അനുവദിക്കുന്നത്. ഒരു കോടി രൂപയിൽ താഴെ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് മാത്രമാണ് ഇത്തരത്തിൽ വകുപ്പിൽ നിന്നും നേരിട്ട് ടാർ നൽകുന്നത്. ഒരു കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കരാറുകാരൻ നേരിട്ടാണ് ടാർ വാങ്ങുന്നത്.

സെക്ഷൻ ഓഫീസർ